(ഡി) കണ്ണൂർ ജില്ലയിൽ നിന്നും 2060 വർക്കർമാർ ക്ഷേമനിധിയിലേക്ക് അംഗങ്ങളായി ചേർന്നിട്ടുണ്ട്. അവർക്ക് സ്കീമിൽ പറഞ്ഞിരിക്കുന്ന എല്ലാ ആനുകൂല്യങ്ങളും അനുവദിച്ചിട്ടുണ്ട്. ആനുകൂല്യങ്ങളായി മൊത്തം 1,14,680 രൂപ കണ്ണൂർ ജില്ലയിൽ വിതരണം ചെയ്തിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ എലത്തൂർ, തലക്കളത്തൂർ, നന്മണ്ട എന്നീ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ

125 [4907] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ, തലക്കളത്തൂർ, നന്മണ്ട എന്നീ പഞ്ചായത്തുകളിൽ ഉള്ള അംഗൻവാടികളിൽ 2003 ജൂൺ 30-ന് ഓരോന്നിലും എത്ര കുട്ടികൾ വീതം ഉണ്ടായിരുന്നു എന്ന് വെളിപ്പെടുത്താമോ;

(ബി) സ്ഥിരം അംഗൻവാടി ടീച്ചർ, വർക്കർ എന്നീ തസ്തികകൾ ഇല്ലാത്ത എത്ര അംഗൻവാടികൾ ഓരോ പഞ്ചായത്തിലും ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

ബാലുശ്ശേരി, പനങ്ങാട്, ഉള്ളിയേരി, അത്തോളി എന്നീ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ

126 [4909] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി, പനങ്ങാട്, ഉള്ളിയേരി, അത്തോളി എന്നീ പഞ്ചായത്തുകളിൽ 2003 ജൂൺ 30-ന് ഓരോ അംഗൻവാടിയിലും എത്ര കുട്ടികൾ വീതം ഉണ്ട് എന്ന് പഞ്ചായത്തടിസ്ഥാനത്തിൽ ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) സ്ഥിരം ടീച്ചറും വർക്കറുമില്ലാത്ത അംഗൻവാടികൾ ഏതൊക്കെയാണ് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

ഖാദി ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക

127 [4912] ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഖാദി ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി എന്തു തുക നൽകിയെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തൊക്കെ ആവശ്യത്തിന് എത്ര വീതം തുകയാണ് അനുവദിച്ചിരുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) വിവാഹബന്ധത്തിൽ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കും കുട്ടികൾക്കും ചെലവിനായി എന്തുതുക അനുവദിച്ചുവെന്നും എന്തുതുക ചെലവിട്ടുവെന്നും വെളിപ്പെടുത്തുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർ ഹജ്ജ് തീർത്ഥാടനത്തിനായി പോയിട്ടുണ്ടെന്നും ഹജ്ജ് യാത്രാ സബ്സിഡിയായി ആകെ എന്തുതുക സർക്കാർ ചെലവിട്ടു എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 2001-2002, 2002-2003 വർഷങ്ങളിൽ 20 ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്. വഖഫ് ബോർഡിന്റെ സോഷ്യൽ വെൽഫെയർ സ്കീമിന്റെ പ്രവർത്തനങ്ങൾക്കായിട്ടാണ് ഇതു നൽകിയിട്ടുള്ളത്.

(സി) വിവാഹമോചിതരായ സ്ത്രീകൾക്കോ അവരുടെ കുട്ടികൾക്കോ ചിലവിനായി പ്രത്യേകം തുക സർക്കാർ നൽകിയിട്ടില്ല. എന്നാൽ വിവാഹമോചിതരായ രണ്ടു സ്ത്രീകൾക്ക് കോടതി ഉത്തരവുപ്രകാരം 42,300 രൂപ സാമൂഹ്യക്ഷേമ പ്രവർത്തനത്തിന് നൽകിയ ഗ്രാന്റിൽ നിന്നും നൽകിയിട്ടുണ്ടെന്ന് കേരള വഖഫ് ബോർഡ് അറിയിച്ചിട്ടുണ്ട്.

(ഡി) 2002-ൽ 6804 പേരും 2003-ൽ 7836 പേരും സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന ഹജ്ജ് തീർത്ഥാടനത്തിന് പോയിട്ടുണ്ട്. ഹജ്ജ് തീർത്ഥാടകർക്ക് സംസ്ഥാന സർക്കാർ യാത്രാ സബ്സിഡി നൽകുന്നില്ല.

തൊഴിൽ നിയമ ലംഘനങ്ങൾ

128 [4913] ശ്രീ. കെ. വി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനഃരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ നിയമങ്ങൾ ലംഘിച്ചതിന് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര തൊഴിൽ വ്യവസായ ഉടമകളുടെ പേരിൽ കേസ് എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഗ്രാറ്റുവിറ്റി, പ്രോവിഡന്റ് ഫണ്ട്, ഇ.എസ്.ഐ. തുടങ്ങിയ സ്റ്റാറ്റ്യൂട്ടറി ബാദ്ധ്യതകളിൽ ഗുരുതരമായ വീഴ്ച വരുത്തിയിട്ടുള്ള എത്ര തൊഴിലുടമകളുടെ പേരിൽ കേസ് എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഈ ആനുകൂല്യങ്ങൾ നൽകാത്തതിന്റെ പേരിൽ സംസ്ഥാനത്ത് തൊഴിൽ സമരങ്ങൾ നടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സമരങ്ങൾ ഒത്തുതീർക്കുന്നതിന് തൊഴിൽ വകുപ്പ് നടത്തിയിട്ടുള്ള കൺസിലിയേഷൻ നടപടികൾ വ്യക്തമാക്കാമോ;

(ഇ) തോട്ടം മേഖലയിൽ നിന്ന് മാത്രം പ്രോവിഡന്റ് ഫണ്ട് കുടിശ്ശിക ഇനത്തിൽ തോട്ടം ഉടമകൾ അടയ്ക്കേണ്ട സംഖ്യ പലിശ സഹിതം എത്രയാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly